**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിൽ താല്ക്കാലിക സ്ഥാനക്കയറ്റം നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(കൈ)നം.16/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം :23.05.2022**

പരാമർശം : 1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA388/2019, 510/2019, 665/2020, 670/2020 നമ്പർ കേസുകളിലെ 23.02.2022 ലെ വിധിന്യായം.

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 28.04.2022, 30.04.2022 എന്നീ തീയതികളിലെ DSW/31/2022-A1 നമ്പർ കത്ത്.

**ഉത്തരവ്**

സൈനിക ക്ഷേമ വകുപ്പിലെ ഡയറക്ടർ, ജില്ലാ സൈനിക ക്ഷേമ ആഫീസർ എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുന്നത് സർക്കാർ പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ സർക്കാർ താല്ക്കാലികമായി നിർത്തി വച്ചിരുന്നു. പ്രസ്തുത നടപടി ചോദ്യം ചെയ്തു കൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA388/2019, 510/2019, 665/2020, 670/2020 നമ്പർ കേസുകൾ ഫയൽ ചെയ്യപ്പെടുകയും പ്രസ്തുത കേസുകളിലിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പരാമർശം (1) ലെ പ്രസ്തുത ഉത്തരവ് സർക്കാർ പരിശോധിച്ചുവരുന്നു.

സേവനത്തിൽ നിന്നും വിരമിക്കുവാൻ വളരെ കുറഞ്ഞ കാലയളവ് മാത്രമേ ബാക്കിയുള്ളൂവെന്നും ആയതിനാൽ ഒഴിവുള്ള ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് പരിഗണിക്കണമെന്നും അഭ്യർത്ഥിച്ച് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിൽ 4 ഒഴിവുകളാണ് നിലവിലുള്ളതെന്നും പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെട്ടയാളെ മുമ്പ് നൽകിയ താൽക്കാലിക സ്ഥാനക്കയറ്റത്തിലും പരിഗണിച്ചിട്ടില്ലായെന്നും പ്രസ്തുത സാഹചര്യങ്ങളിൽ മാറ്റമൊന്നും ഉണ്ടായിട്ടില്ലെന്നും സീനിയോറിറ്റി ലിസ്റ്റിൽ രണ്ടാമതായുള്ളയാൾക്ക് വിശേഷാൽ ചട്ടങ്ങൾ പ്രകാരം പ്രൊമോഷൻ നിയമനത്തിന് അർഹതയില്ലായെന്നും സീനിയോറിറ്റി ലിസ്റ്റിൽ 3 മുതൽ 6 വരെ സ്ഥാനക്കാരായ ശ്രീ.മുരളീധരൻ.കെ.ഡി, ശ്രീ.സുധീർലാൽ.റ്റി.സി, ശ്രീ.മുഹമ്മദ് അസ്‌ലം.കെ.എച്ച്, ശ്രീ.ചന്ദ്രൻ.കെ.കെ

എന്നിവർക്ക് പ്രൊമോഷന് പരിഗണിക്കാവുന്ന യോഗ്യതകളുണ്ടെന്നും പരാമർശം 2 പ്രകാരം സൈനിക ക്ഷേമ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള സൈനിക ക്ഷേമ വകുപ്പിന്റെ പുനഃസംഘടന അന്തിമഘട്ടത്തിലായ സാഹചര്യത്തിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശ പ്രകാരം വിശേഷാൽ ചട്ടം ഭേദഗതി വരുത്തുന്നതുവരെ ഒരു ഇടക്കാല സംവിധാനമായി, സൈനിക ക്ഷേമ വകുപ്പിലെ അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ആഫീസർമാരായ ശ്രീ.മുരളീധരൻ.കെ.ഡി, ശ്രീ.സുധീർലാൽ.റ്റി.സി, ശ്രീ.മുഹമ്മദ് അസ്‌ലം.കെ.എച്ച്, ശ്രീ.ചന്ദ്രൻ.കെ.കെ എന്നിവർക്ക് KS & SSR Part II Rule 31(a) (i) പ്രകാരം ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിലേയ്ക്ക് താല്ക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം താല്ക്കാലിക സ്ഥാനക്കയറ്റം നൽകി ശ്രീ.മുരളീധരൻ.കെ.ഡി-യെ പത്തനംതിട്ട ജില്ലയിലും, ശ്രീ.സുധീർലാൽ.റ്റി.സി-യെ പാലക്കാട് ജില്ലയിലും, ശ്രീ.മുഹമ്മദ് അസ്‌ലം.കെ.എച്ച് -നെ മലപ്പുറം ജില്ലയിലും, ശ്രീ.ചന്ദ്രൻ.കെ.കെ -യെ കാസർഗോഡ് ജില്ലയിലും ജില്ലാ സൈനിക ക്ഷേമ ആഫീസർമാരായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.താരാ ദേവി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-

1. ശ്രീ.മുരളീധരൻ.കെ.ഡി, അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ, കോട്ടയം (ഡയറക്ടർ മുഖേന)
2. ശ്രീ.സുധീർലാൽ.റ്റി.സി, അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ, എറണാകുളം (ഡയറക്ടർ മുഖേന)
3. ശ്രീ.മുഹമ്മദ് അസ്‌ലം.കെ.എച്ച്, അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ, കോഴിക്കോട് (ഡയറക്ടർ മുഖേന)
4. ശ്രീ.ചന്ദ്രൻ.കെ.കെ, അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ, ആലപ്പുഴ (ഡയറക്ടർ മുഖേന)
5. ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ, (എ & ഇ), കേരള, തിരുവനന്തപുരം.
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്
9. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ